പാട്ടത്തിനു നൽകിയിട്ടുള്ള വനഭൂമിയുടെ വിനിയോഗം

*6 [274] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:*

,, *എ. കെ. ബാലൻ:*

,, *കെ. കെ. ജയചന്ദ്രൻ:*

,, *രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിയുടെ വിനിയോഗത്തെക്കുറിച്ച് സർക്കാർ പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കാൻ സർക്കാർ തയ്യാറാവുമോ;

(സി) ഇപ്പോൾ സംസ്ഥാനത്ത് എത്ര ഹെക്ടർ വനഭൂമിയാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്; കാലാവധി കഴിഞ്ഞ പാട്ടഭൂമി ഏറ്റെടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പാട്ടത്തിന് നൽകിയ വനഭൂമി കൈമാറ്റം ചെയ്തതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പറമ്പിക്കുളം പ്ലാന്റേഷന് എത്ര ഹെക്ടർ വനഭൂമിയാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്; പ്രസ്തുത പാട്ടഭൂമി വിൽപ്പന നടത്തിയതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പാട്ടക്കാലാവധി കഴിഞ്ഞ എത്ര ഹെക്ടർ ഭൂമിയാണ് ഇപ്പോഴുള്ളതെന്ന് പറയാമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):*

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല

(സി) സംസ്ഥാനത്ത് 65473 ഹെക്ടർ വനഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്. കാലാവധി കഴിഞ്ഞ പാട്ടഭൂമി സംബന്ധിച്ച കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

GPM. 2/566/2012—5

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഹാരിസൺ മലയാളം പ്ലാന്റേഷന് 6070.553 ഏക്കർ വനഭൂമിയാണ് പാട്ടത്തിന് നൽകിയിട്ടുള്ളത്. പ്രസ്തുത പാട്ടഭൂമി വിൽപ്പന നടത്തിയതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഈ പാട്ടഭൂമിയിലെ ഭാഗമായ 420 ഹെക്ടർ ഹാരിസൺ മലയാളം പ്ലാന്റേഷൻ പല കർഷകർക്കായി സബ് ലീസ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹാരിസൺ മലയാളം പ്ലാന്റേഷന് പാട്ടത്തിന് നൽകിയ വനഭൂമിയുടെ പാട്ടക്കാലാവധി കഴിഞ്ഞിട്ടില്ല.

വ്യാജമദ്യനിർമ്മാണവും വിൽപ്പനയും

*7 [275] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:*
" *കോടിയേരി ബാലകൃഷ്ണൻ:*
" *കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെ നിർമ്മാണവും വിൽപ്പനയും വർദ്ധിച്ച് വരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാജമദ്യ നിർമ്മാണവും വിൽപ്പനയും കണ്ടുപിടിക്കുന്നതിന് സർക്കാർ റെയ്ഡ് നടത്താറുണ്ടോ; എങ്കിൽ കഴിഞ്ഞ 6 മാസത്തിനുള്ളിൽ എത്ര റെയ്ഡുകളാണ് നടത്തിയത്;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):*

(എ) വർദ്ധിച്ച് വരുന്നതായി അറിവില്ല.

(ബി) റെയ്ഡുകൾ നടത്താറുണ്ട്. എക്സൈസ് വകുപ്പ് 84072 റെയ്ഡുകളും പോലീസ് വകുപ്പ് 19152 റെയ്ഡുകളും നടത്തിയിട്ടുണ്ട്.

(സി) എക്സൈസ് വകുപ്പ് 2551 കേസുകളും പോലീസ് വകുപ്പ് 1971 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

എറണാകുളം-കായംകുളം റെയിൽപ്പാതയുടെ ഇരട്ടിപ്പിക്കലിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

*8 [276] *ശ്രീ. തോമസ് ഉണ്ണിയാടൻ:*
" *സ്റ്റീഫൻ ജോർജ്:*
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എറണാകുളം-കായംകുളം റെയിൽപ്പാതയുടെ ഇരട്ടിപ്പിക്കലിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly